കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന വകുപ്പ് - കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയമസഭാ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)No. 425/2025/F&P** **Dated,16/06/2025**

എ.എസ് നമ്പർ : AS/FSH/25/43090 കാലാവധി : 15/06/2028

പരാമർശം:- 1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.05.2025 – ലെ HECE/498/2024–D7 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ശ്രീദേവി സ്കൂൾ ബസ് സ്റ്റോപ്പ് മുതൽ മൂരി കല്ലിങ്ങൽ ചീർപ്പ് പുഴയോരം റോഡ് കടലുണ്ടി ഗ്രാമ പഞ്ചായത്ത് | 77,90,000 |
| 2 | പാടത്ത് പറമ്പ് ഡ്രെയിനേജ് കം ഫുട്പാത്ത് ഡിവിഷൻ 48 കോഴിക്കോട് കോർപ്പറേഷന് | 91,50,000 |
| 3 | മുണ്ടേപ്പാടം റോഡ് ഡിവിഷൻ 53 കോഴിക്കോട് കോർപ്പറേഷന് | 30,20,000 |
| ആകെ (ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തിഅറുപതിനായിരം രൂപ) | | **1,99,60,000** |

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിഗണിച്ച് കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജക മണ്ഡലത്തിലെ മേൽപ്പറഞ്ഞ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ “4405-00-103-94 തീരദേശ റോഡുകളുടെ

AS/FSH/25/43090

നിലവാരമുയർത്തൽ '' (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും 199.60 ലക്ഷം രൂപയുടെ (ഒരു കോടി തൊണ്ണൂറ്റൊൻപത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
ജോയിന്റ് സെക്രട്ടറി
മത്സ്യബന്ധന വകുപ്പ്

To
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/ എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ 11, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,
തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. സി3/97/2025/മതുവ ) .

ഓർഡർ പ്രകാരം കൈമാറി,
Sameer Kumar O.J

Digitally signed by Sameer Kumar. O. J
Date:08-07-2025 11:48:45

AS/FSH/25/43090